# കേരള സർവകലാശാല

നം.പി.ആർ.81/2020 ഫോൺ: 2305738

## പത്രക്കുറിപ്പ്

### ടൈം ടേബിൾ

2020 മാർച്ച് 16 ന് ആരംഭിച്ച അവസാന വർഷ ബി. ബി. എ (ആനുവൽ സ്കീം & പ്രൈവറ്റ് രജിസ്ട്രേഷൻ ) റെഗുലർ ആൻഡ് സപ്ലിമെന്ററി പരീക്ഷയുടെ മാറ്റിവെച്ച പരീക്ഷകൾ മെയ് 21 ന് പുനരാരംഭിക്കുന്നതാണ്. വിശദമായ ടൈം ടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

### എൽ.എൽ.ബി പരീക്ഷ ഫീസ്

പത്താം സെമസ്റ്റർ ഇന്റെഗ്രേറ്റഡ് പഞ്ചവത്സര ബി.എ എൽ.എൽ.ബി /ബി. കോം എൽ.എൽ.ബി /ബി. ബി. എ എൽ.എൽ.ബി പരീക്ഷകൾ യഥാക്രമം ജൂൺ 8,10,12 തീയതികളിൽ നടത്തുന്നതാണ്. പ്രസ്തുത പരീക്ഷയ്ക്ക് അധിക പിഴയൊടുക്കി മെയ് 21 വരെ അപേക്ഷിക്കാം.

അഞ്ചാം സെമസ്റ്റർ ഇന്റെഗ്രേറ്റഡ് പഞ്ചവത്സര ബി.എ എൽ.എൽ.ബി /ബി. കോം എൽ.എൽ.ബി /ബി. ബി. എ എൽ.എൽ.ബി പരീക്ഷകൾ യഥാക്രമം ജൂൺ 16,18,22,24,26 തീയതികളിൽ നടത്തുന്നതാണ്.

ആറാം സെമസ്റ്റർ ത്രിവത്സര എൽ.എൽ.ബി പരീക്ഷകൾ യഥാക്രമം ജൂൺ 9,11,15,17 തീയതികളിൽ നടത്തുന്നതാണ്. പ്രസ്തുത പരീക്ഷയ്ക്ക് പിഴ കൂടാതെ മെയ് 21 വരെയും 150 രൂപ പിഴയോടുകൂടി മെയ് 23 വരെയും 400 രൂപ അധിക പിഴയോടുകൂടി മെയ് 25 വരെയും അപേക്ഷിക്കാം. വിശദമായ ടൈം ടേബിൾ പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്.

### പരീക്ഷ ഫലം

2019 നവംബർ മാസം നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്സ് (2018 സ്കീം റെഗുലർ & സപ്ലിമെന്ററി , 2015 സ്കീം സപ്ലിമെന്ററി ) ഡിഗ്രി പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ. പുനപരിശോധനയ്ക്കുള്ള തീയതി പിന്നീട് അറിയിക്കും.

## പി എച്ച് ഡി നൽകി

ഷീബ. വി ക്ക് സംസ്കൃതത്തിൽ പി എച്ച് ഡി നല്കാൻ ഇന്ന് ചേർന്ന സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു .

**തിരുവനന്തപുരം**
**15.05.2020**

**പബ്ലിക്ക് റിലേഷൻസ് ഓഫീസർ**


**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**